# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

## ഗവൺമെൻറ് ട്രൈബൽ ഹയർ സെക്കണ്ടറി സ്കൂൾ

## കട്ടപ്പന ഉപജില്ല ഇടുക്കി

**ആമുഖം**

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേൻമ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം ക... പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി ത...ന്നത്. 2024 - 25 അധ്യയനവർഷത്തിൽ ഒന്നാംതരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതു... പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്ക... യോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന, മറ്റ് അക്കാദമിക ... ടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ... ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും... ഷയിലും കൂടുതൽ അവബോധമുണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകാ... പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദവും കൂടുതൽ ആസ്വാദ്യവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടിക... കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

**വിഷയം - മലയാളം**

**ലക്ഷ്യങ്ങൾ:-**

- ഒന്നാംക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവ...
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവു ...
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി... സ്രോതം |
|---|---|---|---|---|
| • വായന | • ചിത്ര വായന<br>• വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ, ജൂലൈ, ആഗസ്റ്റ് | അധ്യാപിക<br>അധ്യാപിക | |

# ഗവ. ട്രൈബൽ സ്കൂൾ കട്ടപ്പന - അക്കാദമിക മാസ്റ്റർ പ്ലാൻ - STD - I

## ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേൻമ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2024 - 25 അധ്യയനവർഷത്തിൽ ഒന്നാംതരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങളോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധമുണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദവും കൂടുതൽ ആസ്വാദ്യവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

## വിഷയം - മലയാളം

### ലക്ഷ്യങ്ങൾ:-

- ഒന്നാംക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവു നേടുക.
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|
| • വായന | • ചിത്ര വായന<br>• വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ, ജൂലൈ, ആഗസ്റ്റ് | അധ്യാപിക<br>അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- |
| • വായന | • ചിത്രവായന<br>• വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ,<br>ജൂലൈ,<br>ആഗസ്റ്റ് | അധ്യാപിക<br>അധ്യാപിക | |
| • ലേഖനം | • വായനാമൂല ഒരുക്കൽ<br>• പത്രവായന<br>• വായനാക്കാർഡ് തയ്യാറാക്കൽ<br>• ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>• സചിത്രബുക്ക്<br>• സംയുക്തഡയറി<br>• ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു. ആ അക്ഷരം എഴുതുന്നു.<br>• ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു.<br>• സാങ്കൽപ്പിക ഡയറി എഴുതുന്നു.<br>• വരികൾ കൂട്ടിച്ചേർക്കുന്നു<br>• ചിത്രംനൽകി അതിൽനിന്ന് കഥയുണ്ടാക്കുന്നു<br>• സ്വന്തമായി പതിപ്പുണ്ടാക്കുന്നു. | ജൂൺ<br>സെപ്തംബർ<br>ജൂലൈ<br>ജൂലൈ<br>ആഗസ്റ്റ്<br>ജൂലൈ<br>ജൂലൈ<br>ഒക്ടോബർ<br>ആഗസ്റ്റ്<br>ഒക്ടോബർ<br>ജനുവരി | അധ്യാപിക<br>രക്ഷിതാക്കൾ<br>അധ്യാപിക,<br>രക്ഷിതാക്കൾ<br>അധ്യാപിക,<br>രക്ഷിതാക്കൾ | |

**Subject : English**

Aim:- To speak, read & write English without any mistakes.

| Aim | Activities | Month | Support | Financial Resources |
|---|---|---|---|---|
| Reading Skills | • Concentrates on listening and reading skills<br>• Description, growing sentences, picture reading, riddles, quiz<br>• Reading breaking news<br>• Find words from reading materials<br>• Rhyming words<br>• Describing words from textbook activities | June<br>July<br>August | Teachers, Parents | |
| Writing skills | • Make word web<br>• Picture description<br>• Word chain<br>• Make word web | September<br>October<br>November<br>December | | |
| Speaking skills | • Story telling<br>• Riddles<br>• Conversation | January<br>February<br>March | | |

# വിഷയം : മലയാളം

ലക്ഷ്യങ്ങൾ :-

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു; എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| സംഖ്യാബോധം | • സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>• സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>• സംഖ്യാകാർഡ് നിർമ്മിക്കുന്നു. | ജൂൺ | | |
| ഗണിതകിറ്റ് | • ഗണിതപഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് ഉണ്ടാക്കുന്നു. | ജൂലൈ | | |
| വലിയസംഖ്യ, ചെറിയസംഖ്യ | • 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>• വലിയസംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ പ്രവർത്തനം. | ആഗസ്റ്റ് | | |
| സകലന പ്രവൃത്തികൾ | • സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ<br>• രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ<br>• ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും | സെപ്തംബർ | | |

| | | | | |
|---|---|---|---|---|
| ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ | • ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ തിരിച്ചറിയൽ<br>• ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ് | ഒക്ടോബർ | | |
| സംഖ്യാഗാനങ്ങൾ | • സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.<br>• ഗണിതപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു. | നവംബർ | | |
| വർക്ക്ഷീറ്റ് | • സംഖ്യകളെ സുന്ദരിയാക്കൽ വർക്ക് പ്രവർത്തനങ്ങൾ<br>• My number book തയ്യാറാക്കൽ | ഡിസംബർ | | |
| വ്യവകലന പ്രവർത്തനങ്ങൾ | • രണ്ടക്ക സംഖ്യയും ഒരക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ. | ജനുവരി | | |
| ചിഹ്നങ്ങൾ തിരിച്ചറിയൽ | • സങ്കലനം, വ്യവകലനം എന്നീ ചിഹ്നങ്ങൾ തിരിച്ചറിയുന്നു. | ജനുവരി | | |
| ഗണിതകിറ്റ് | • ഗണിതകിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• സംഖ്യകളുടെ പകുതി, തുല്യം, തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതകിറ്റിലൂടെ സാധ്യമാക്കൽ | മാർച്ച് | | |

# ക്ലാസ് പി.ടി.എ

ലക്ഷ്യം :- വിദ്യാലയ / പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് ബോധ്യപ്പെടുത്തുന്നു, ഉറപ്പുവരുത്തുന്നു.

- കുട്ടികളുടെ മികവുകൾ, കുറവുകൾ മനസ്സിലാക്കാൻ രക്ഷിതാക്കൾക്കു കഴിയുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| • രക്ഷിതാക്കളുടെ പങ്ക് ബോധ്യപ്പെടുത്തുന്നു. (വിദ്യാലയപ്രവർത്തനങ്ങളിൽ) | • ക്ലാസ് പി. ടി.എ - 1<br>• ക്ലാസ് പി. ടി.എ - 2<br>• ക്ലാസ് പി. ടി.എ - 3<br>• ക്ലാസ് പി. ടി.എ - 4 | ജൂലൈ<br>സെപ്തംബർ<br>നവംബർ<br>ജനുവരി | അധ്യാപിക<br>H.M.<br>രക്ഷിതാക്കൾ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - രണ്ടാംക്ലാസ്സ്

**ലക്ഷ്യം** : രണ്ടാംക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസരപഠനത്തിലും ഇംഗ്ലീഷിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

**പൊതുതത്വങ്ങൾ :-**

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

## പ്രവർത്തന കലണ്ടർ

| ക്രമ നം. | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2. | മധുരം മലയാളം | ജൂൺ - മാർച്ച് |
| 3 | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 4. | റീഡേഴ്സ് തീയറ്റർ | ജൂലൈ - മാർച്ച് |
| 5. | ക്ലാസ്സ് പത്രം | ഓഗസ്റ്റ് - മാർച്ച് |
| 6. | രചനോത്സവം | ജൂലൈ - മാർച്ച് |
| 7. | വായനോത്സവം | ജൂൺ - മാർച്ച് |
| 8. | ഭാഷോത്സവം | ജനുവരി |
| 9. | ഗണിത കേളികൾ | ജൂൺ - മാർച്ച് |
| 10. | ഗണിത കിറ്റ് | ജൂൺ - മാർച്ച് |
| 11. | പരീക്ഷണങ്ങൾ | ജൂൺ - മാർച്ച് |
| 12. | ലഘു പ്രോജക്ട് | ജൂൺ - മാർച്ച് |
| 13 | പരീക്ഷണ കിറ്റ് | ജൂൺ - മാർച്ച് |

| മധുരം മലയാളം (ഭാഷാ പഠനം) | | | | |
|---|---|---|---|---|
| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | S. R. G ക്ലാസ്സ് ടീച്ചർ | ലക്ഷ്യം നേടുന്നതുവരെ | പി. ടി. എ. ഫണ്ട് |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം എളുപ്പമാക്കുക | H. M, S. R. G ക്ലാസ്സ് ടീച്ചർ | വർഷം മുഴുവൻ | പി.ടി. എ |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ | ക്ലാസ്സ് ടീച്ചർ | വർഷം മുഴുവൻ | പി.ടി. എ |
| ക്ലാസ്സ് വായന, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം | വായനാശീലം വളർത്തുക, ലൈബ്രറി ഉപയോഗപ്പെടുത്തുക | H. M, S. R. G ടീച്ചർ | ജൂൺ - മാർച്ച് | പി. ടി. എ. സി. പി. ടി. എ. |
| വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തകസംവാദം | വായനയുടെ ആഴം വർധിപ്പിക്കുക | H. M, S. R. G ടീച്ചർ | ജൂൺ - മാർച്ച് | സി. പി. ടി. എ |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | ടീച്ചർ | പ്രതിമാസം | സി. പി. ടി. എ. |
| പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്രരചന നടത്താനുള്ള ശേഷി നേടുന്നു. | ടീച്ചർ, രക്ഷിതാവ് | ജൂൺ - മാർച്ച് | സി. പി. ടി. എ. |
| കണ്ടറിയാം......കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ഐ.സി.ടി.) | ടീച്ചർ | ആവശ്യാനുസരണം | പി. ടി. എ. |
| രുചിച്ചറിയാം | നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | S. R. G, ടീച്ചർ, പി. ടി. എ. | വർഷത്തിലൊന്ന് | |
| ഓർക്കാം അഭിമാനിക്കാം | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ | S. R. G, C.P.T.A, ടീച്ചർ | ആവശ്യാനുസരണം | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട് കലകൾ നേരിട്ടറിയൽ | H. M, S. R. G, C.P.T.A, ടീച്ചർ | | പി. ടി. എ. |
| സർഗ്ഗോത്സവം | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | C.P.T.A, S. R. G ടീച്ചർ | മാസത്തിലൊന്ന് | പി. ടി. എ. |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് ഭാഷാപഠനം** | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | നന്നായി പറയുവാനും, എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | H. M, S. R. G, C.P.T.A, ടീച്ചർ | വർഷത്തിലൊന്ന് | പി. ടി. എ. |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | ടീച്ചർ | രണ്ടാഴ്ചയിൽ ഒന്ന് | |
| **ഗണിതപഠനം** | | | | |
| വിവിധതരം കളികൾ | ഗണിതപഠനം രസകരമാക്കൽ | ടീച്ചർ | വർഷം മുഴുവൻ | |
| ഗണിതപഠനോപകരണ ശിൽപ്പശാല | പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | ടീച്ചർ, C.P.T.A | ആവശ്യാനുസരണം | പി. ടി. എ. |
| ഗണിതമേള | ഗണിതശേഷികളുടെ പ്രകടനം | H. M, ടീച്ചർ | വർഷത്തിലൊന്ന് | പി. ടി. എ. |
| **പരിസരപഠനം** | | | | |
| പ്രകൃതിനടത്തം | നിരീക്ഷണം - അറിവ്, നിർമ്മാണം | H. M, ടീച്ചർ | ആവശ്യാനുസരണം | |
| ശാസ്ത്രമാല | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | H. M, ടീച്ചർ, C.P.T.A | വർഷം മുഴുവൻ | |
| ഭൂപടമൊരുക്കാം | ഭൂപടവായന, ഭൂപടരചന, സൂചിക | ടീച്ചർ | വർഷത്തിലൊന്ന് | |

# Academic Master Plan - 2025 - 26

**Subject : English**

**STD III**

| Learning Objective | Activities | Duration |
|---|---|---|
| Listen to instruction and engage in activities | • Give more chance to hearing instruction based on the day to day life and class room.<br>• Show the picture of action verbs.<br>• Performing actions by hearing instruction and commands. | June - December |
| Describes the Picture | • Teacher shows the picture<br>• Discussion<br>• Children talk about the picture<br>• Slow learners: Gives opportunity to express their ideas in Malayalam. | June - December |
| Arrange words in Alphabetic order | • Dictionary<br>• Introducing the dictionary<br>• Gives words<br>• Arranging words in alphabet | June - March |
| Add more exchanges to the conversation suitable to the context | • Conversation<br>• Reading the conversation<br>• Conversation - Acting with friends<br>• Add more exchanges to the conversation<br>• Slow learners : Give opportunity to express their idea in Malayalam | June - March |
| Identifies rhyming words from the poem | • Plays the audio of song.<br>• Let the learner sing after the audio<br>• Discussion<br>• Identifies rhyming words | July - September |
| Add lines to a poem following a set pattern | • Plays the audio of song.<br>• Let the learner sing after the audio<br>• Add lines to the poem | |
| Reads and understands the given stories and poems | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മലയാളം** **ക്ലാസ് - 3**

| പ്രവർത്തനം | കാലയളവ് |
|---|---|
| 1. **<u>വായ്ത്താരി ചന്തം</u>**<br>• വ്യത്യസ്ത ഈണത്തിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു. അവതരിപ്പിക്കുന്നു.<br>2. **<u>വായ്ത്താരി മേളം</u>**<br>ശേഖരിച്ച വായ്ത്താരികൾ പ്രഭാതസർഗ്ഗവേള, ബാലസഭ എന്നിവയിൽ അവതരണം<br>• വ്യത്യസ്ത ഈണത്തിൽ പാടുവാനുള്ള അവസരം<br>• ശേഖരിച്ച നാടൻപാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ<br>• പാവനാടകം പരിചയപ്പെടുത്തൽ<br>• പാവനാടക അവതരണം | ജൂൺ |
| 3. **<u>പഴഞ്ചൊൽപ്പൊലിമ</u>**<br>• പഴഞ്ചൊല്ലുകൾ ശേഖരണം<br>• പഴഞ്ചൊല്ലുകളിൽ അടങ്ങിയ ആശയാവിഷ്ക്കാരം ഒരു ദിനം ഒരു പഴഞ്ചൊല്ല്. കുട്ടികൾക്ക് ഒരു ദിവസം ഒരു പഴഞ്ചൊല്ല് നൽകുന്നു.<br>• പഴഞ്ചൊല്ലിലെ ആശയങ്ങൾ എഴുതിപ്പിക്കുന്നു.<br>4. **<u>റീഡേഴ്സ് തിയേറ്റർ</u>**<br>• കുട്ടികൾക്ക് പരിചിതമായ ഒരു കഥ നൽകുന്നു.<br>• വായന അവസരം<br>• കഥാപാത്ര വിശകലനം<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ | ജൂലൈ |

<table>
<tr><td>

- ആരാണ് നരേറ്റർ
- നരേറ്റർ സംവദിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ
- സ്ക്രിപ്റ്റ് രചന
- അവതരണം

5. <u>കടങ്കഥ</u>

- കടങ്കഥ മുന്നറിവ് പരിശോധന
- വിവിധ മേഖലകളുമായി ബന്ധപ്പെട്ട കടങ്കഥയുടെ ശേഖരണം
- കടങ്കഥ നിർമ്മാണം
- കടങ്കഥ പതിപ്പ് തയ്യാറാക്കൽ
- കടങ്കഥ ശിൽപ്പശാല
- വ്യത്യസ്ത കലാരൂപങ്ങളുടെ പ്രദർശനം
- കലാരൂപങ്ങൾ, വേഷവിധാനം, ചുമർചിത്രം തയ്യാറാക്കൽ

</td><td>ജൂലൈ</td></tr>
<tr><td>

6. <u>നിഘണ്ടു പരിചയം</u>

മലയാള അക്ഷരങ്ങൾ അകാരിദ ക്രമത്തിൽ എഴുതുന്നു. നിർദ്ദിഷ്ട വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നു.

ലക്ഷ്യം :- ആശയ വ്യക്തതയോടെയും അക്ഷരതെറ്റില്ലാതെയും എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

- കുട്ടി കേട്ട കഥ പറയൽ
- അവധിക്കാല അനുഭവങ്ങൾ പറയൽ
- ഞാനും മൂന്നാം ക്ലാസിലേയ്ക്ക് (രക്ഷിതാക്കൾക്ക് കുട്ടി മൂന്നാം ക്ലാസിൽ നേടേണ്ട ശേഷിയെക്കുറിച്ച് ബോധവത്ക്കരണക്ലാസ്)
- ഓരോ കുട്ടിയും പഠിച്ച അക്ഷരങ്ങൾ ഇലയുടെ ആകൃതിയിൽ മരത്തിൽ ഒട്ടിക്കൽ.
- നിശ്ചിതപദം പുസ്തകത്തിൽനിന്നും കണ്ടെത്തൽ
- രക്ഷിതാക്കൾ കുട്ടികൾക്കുവേണ്ടി അക്ഷരചിത്രം തയ്യാറാക്കുന്നു.
- അക്ഷരകാർഡു നൽകി വാക്കുനിർമ്മാണം.

</td><td>ജൂലൈ<br><br>ആഗസ്റ്റ്</td></tr>
</table>

| | |
|---|---|
| • ഓരോ ആഴ്ചയും അഞ്ച് ദിവസത്തേയ്ക്ക് അഞ്ച് അക്ഷരങ്ങൾ നൽകുന്നു. ആ അക്ഷരം ഉപയോഗിച്ച് പരമാവധി വാക്കുകൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു.<br>• പദചങ്ങല - പദങ്ങൾ ചേർത്ത് വാക്യമാക്കൽ.<br>• ആഭരണം അണിയിക്കാം (ചിഹ്നങ്ങൾ ചേർക്കുന്ന പ്രവർത്തനം) | സെപ്തംബർ |
| 7. <u>ചിത്രവായന</u><br>• ചിത്രം നോക്കി കഥപറയാം.<br>• ഗ്രൂപ്പിൽ പറയുന്ന പദം മറ്റു ഗ്രൂപ്പുകാർ പുസ്തകം വായനാ, കാർഡ് എന്നിവ നോക്കിപ്പറയൽ<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ (കഥയിൽ ആരൊക്കെ - സംഭാഷണം) | ഒക്ടോബർ |
| **8. <u>കൂട്ടവായന - കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു.</u>**<br>• വായനാചങ്ങല - വായനാ കാർഡ് നൽകൽ | നവംബർ |
| • ചിത്രം നോക്കി വിവരണം എഴുതൽ<br>**9. <u>ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ</u>**<br>• രക്ഷിതാക്കൾക്ക് കവിതാ രചന മത്സരം<br>• തെരഞ്ഞെടുക്കപ്പെട്ടവ ക്ലാസിൽ വായനാ കാർഡ് ആക്കൽ | ഡിസംബർ |
| • കുഞ്ഞുവായന ഗുണപാഠകഥകളുടെ ചിത്രങ്ങൾ പുസ്തകങ്ങളായി നൽകുന്നു.<br>• ചിത്രങ്ങൾക്കു താഴെ കഥാസന്ദർഭം എഴുതി പൂർത്തിയാക്കൽ | ജനുവരി |
| • കയ്യെഴുത്തു മാസിക<br>• ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥപറയുക<br>• കഥ പൂർത്തിയാക്കൽ<br>• ചിത്രം നോക്കി കഥ പറയലും കഥ എഴുതലും | ഫെബ്രുവരി |
| 10. <u>വായനക്കളരി</u><br>രക്ഷിതാക്കളും കുട്ടികളും ചേർന്ന് വായനക്കാർഡു നിർമ്മാണം കഥാരചന അവതരണം. | മാർച്ച് |

# ഗണിതം

## STD IV

വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും, വ്യഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിതപഠന സമീപനം. ജീവിതത്തിന്റെ എല്ലാ മേഖലകളുടെയും ഗണിതശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അർഥപൂർണ്ണമായ ആശയരൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിതപഠനമാണ് നാം സ്വീകരിക്കുന്നത്.

**ലക്ഷ്യങ്ങൾ :**

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- യുക്തിചിന്ത, ഗണിതചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| • നാലക്കസംഖ്യകളുടെ സംഖ്യാബോധം, വ്യഖ്യാനം<br>• കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിതകേളികൾ<br>• പാറ്റേൺ വിശകലനം<br>• റോമൻ സംഖ്യാ സമ്പ്രദായം പരിചയപ്പെടൽ<br>• ഡൈസ്കളി, സംഖ്യാചക്രം തുടങ്ങിയ ഗണിതകേളികൾ<br>• ഗണിത മൂലനിർമ്മാണം | ജൂൺ മാസം |
| • ക്ലോക്ക്, വാച്ച് എന്നിവ നോക്കി സമയം പറയുന്നു.<br>• മിനിറ്റിനെ സെക്കന്റുമായും മണിക്കൂറുമായുള്ള ബന്ധം വിശദീകരിക്കുന്നു.<br>• 24 മണിക്കൂർ ക്ലോക്കിൽ നൽകിയ സമയത്തെ 24 മണിക്കൂറിൽ ക്ലോക്കിലേയ്ക്കും തിരിച്ചും മാറ്റിപ്പറയുന്നു.<br>• സമയത്തെ am, pm എന്നിവ ഉപയോഗിച്ച് പറയുന്നു.<br>• പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു<br>• സമയ ദൈർഘ്യം കണ്ടെത്തുന്നു<br>• സമയവിവരപ്പട്ടിക അപഗ്രഥിച്ച് നിഗമനത്തിലെത്തുന്നു.<br>• കലണ്ടർ പരിചയപ്പെടുത്തുന്നു. | ജൂലൈ മാസം |

| | |
|---|---|
| • കലണ്ടർ പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.<br>• ഗണിതമേള സ്കൂൾതലത്തിൽ നടത്തുന്നു.<br>• യൂണിറ്റ് ടെസ്റ്റ് നടത്തുന്നു. ഗണിത ക്ലാസ് പി. ടി. എ നടത്തുന്നു.<br>• ഗണിതമധുരം - പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി തയ്യാറാക്കൽ | |
| • നാലക്ക സംഖ്യകളുടെ സംഖ്യാബോധം, വ്യഖ്യാനം<br>• കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിതകേളികൾ<br>• നാലക്കസംഖ്യകളുടെ സങ്കലനം<br>• പുനഃക്രമീകരണം വരാത്തതിൽനിന്ന് പുനഃക്രമീകരണം വരുന്നതിലേയ്ക്ക് സങ്കലനക്രിയകൾ അടങ്ങിയ പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.<br>• ഹോണസ്റ്റി ഷോപ്പ്, ഗണിത ശാസ്ത്രപ്രതിഭകളെ പരിചയപ്പെടൽ, ഗണിതക്വിസ് സംഘടിപ്പിക്കൽ<br>• ഒന്നാം ടേം ഇവാല്യുവേഷൻ | ഓഗസ്റ്റ് മാസം |
| • രണ്ട് നാലക്ക സംഖ്യകൾ തമ്മിൽ വ്യത്യാസം കാണുന്നു.<br>• വ്യവകലനക്രിയകൾ കടമെടുത്തു ചെയ്യുന്നു.<br>• പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. വീട്ടിലെ കറണ്ട് ബില്ല് കുറയ്ക്കുന്നതിനുള്ള സർവ്വെ. കുടുംബ ബഡ്ജറ്റ് തയ്യാറാക്കൽ.<br>• ക്ലാസിൽ ഒരു കച്ചവടം. കുട്ടികളുടെ ബാങ്ക്, സമ്പാദ്യശീലം വളർത്തുന്നതിന്. | സെപ്തംബർ മാസം |
| • ജ്യാമീതിയ രൂപങ്ങൾ വരയ്ക്കൽ<br>• ചതുരത്തിന്റെയും ത്രികോണത്തിന്റെയും ചുറ്റളവ് കണ്ടെത്തൽ.<br>• ചുറ്റളവുമായി പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ.<br>• ത്രിമാന വസ്തുക്കൾ പട്ടികപ്പെടുത്തൽ<br>• ജ്യാമീതിയ രൂപങ്ങളുടെ വൈവിധ്യപൂർണമായ നിർമ്മാണങ്ങൾക്കൊണ്ട് ക്ലാസ് എക്സിബിഷൻ നടത്തൽ. | ഒക്ടോബർ മാസം |
| • സംഖ്യകൾ ആവർത്തിച്ചു കൂട്ടേണ്ടി വരുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ<br>• സംഖ്യയുടെ എണ്ണം കൊണ്ട് ഗുണിക്കൽ<br>• ഗുണനക്രിയകൾ ചെയ്യൽ<br>• സംഖ്യകൾ ഗുണിക്കുന്നതിന് വ്യത്യസ്ത മാർഗങ്ങൾ കണ്ടെത്തുന്നു.<br>• വർക്ക്ഷീറ്റ് നൽകുന്നു.<br>• ഐടി മാക്സ് - ജിയോജിബ്ര പരിചയപ്പെടുത്തൽ | നവംബർ മാസം |

| | |
|---|---|
| • ഹരണത്തിന്റെ വിവിധ രീതികൾ കണ്ടെത്തൽ<br>• പ്രശ്നങ്ങൾ ഹരണക്രിയയിലൂടെ നിർദ്ധാരണം ചെയ്യൽ<br>• പാറ്റേണുകൾ കണ്ടെത്തൽ<br>• പകുതിയും കാൽഭാഗവും കണ്ടെത്തൽ<br>• 1/2, 1/4 എന്നിവ കണ്ടെത്തൽ<br>• വിവിധ ജ്യാമീതിയ രൂപങ്ങളിൽ 1/2, 1/4 എന്നിവ കണ്ടെത്തൽ<br>• രണ്ടാം ടേം ഇവാല്യുവേഷൻ | ഡിസംബർ മാസം |
| • നീളം അളക്കാനുള്ള ഏകകം കണ്ടെത്തൽ<br>• ചെറിയ യൂണിറ്റുകൾ അളന്ന് കണ്ടെത്തുന്നു<br>• കിന്റൽ, ടൺ എന്നീ യൂണിറ്റുകളെ തിരിച്ചറിയുന്നു.<br>• അളവ് പാത്രങ്ങൾ, അളക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ നിർമ്മാണം, പ്രദർശനം, കളികളിൽ ഏർപ്പെടൽ | ജനുവരി മാസം |
| • വിവരശേഖരണം നടത്തൽ<br>• പട്ടികവിശകലനം ചെയ്തു നിഗമനത്തിൽ എത്തുക<br>• ചിത്രങ്ങളും, വരകളും ഉപയോഗിച്ച് വിവരങ്ങൾ അവതരിപ്പിക്കൽ<br>• ചിത്രങ്ങളിലെ വിവരശേഖരങ്ങൾ നടത്തൽ<br>• ഐടി - ടാറ്റ കളക്ഷൻ ഗെയിംസ്<br>• വർക്ക്ഷീറ്റ് നൽകൽ, യൂണിറ്റ് ടെസ്റ്റ് നടത്തൽ | ഫെബ്രുവരി മാസം |
| • പതിനായിരത്തിന് അപ്പുറമുള്ള അക്കങ്ങൾ അക്കത്തിലും അക്ഷരത്തിലും എഴുതുക. റിവിഷൻ<br>• മോഡൽ പരീക്ഷകൾ<br>• പഠനമികവുകൾ പ്രദർശിപ്പിക്കൽ<br>• വാർഷികപ്പരീക്ഷ<br>• അവധിക്കാല പ്രവർത്തനങ്ങൾ നൽകൽ | മാർച്ച് മാസം |

## <u>മധുര മലയാളം</u> STD IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ്ടീച്ചർ | P.T.A Fund |
| വായനാശേഷി വളർത്തൽ | <u>വായിക്കാം വളരാം</u><br>• ക്ലാസ് വായനാക്കൂട്ടം<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• പുസ്തകപരിചയം<br>• വായനാക്കുറിപ്പ്<br>• ആസ്വാദനക്കുറിപ്പ്<br>• പുസ്തകസംവാദം<br>• ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്ടീച്ചർ<br>CPTA | P.T.A |
| എഴുത്ത് പരിപോഷിപ്പിക്കൽ | <u>എഴുതാം തെളിയാം</u><br>പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG<br>ക്ലാസ്ടീച്ചർ | P.T.A |
| ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരൻമാരെ അടുത്തറിയൽ | <u>എഴുത്തുകാരുമായി സംവദിക്കൽ</u><br>സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | P.T.A |

| | | | | |
|---|---|---|---|---|
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | **കണ്ടറിയാം കേട്ടറിയാം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | P.T.A |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | **രുചിച്ചറിയാം**<br>• ഭക്ഷ്യമേള<br>• പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം<br>• ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>ക്ലാസ്ടീച്ചർ<br>P.T.A | P.T.A |
| സാഹിത്യകാരൻമാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | **ഓർക്കാം അഭിമാനിക്കാം**<br>ഓർമ്മദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തപരിചയം, ക്വിസ് | ആവശ്യാനുസരണം | SRG<br>ക്ലാസ്ടീച്ചർ<br>P.T.A | P.T.A |
| **കലക്കൂട്ട്**<br>പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | • പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേയ്ക്ക്<br>• കലാവതരണം<br>• കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | H.M<br>SRG<br>ക്ലാസ്ടീച്ചർ<br>P.T.A | P.T.A |
| **സർഗ്ഗോത്സവം**<br>ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊതിക്കൽ | H.M<br>SRG<br>ക്ലാസ്ടീച്ചർ<br>P.T.A | P.T.A |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 - 26

## സാമൂഹ്യശാസ്ത്രം - യു. പി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷികസംസ്ക്കാരം വളർത്തുക<br><br>പ്രകൃതിസൗഹൃദ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക<br><br>ആരോഗ്യകരമായ ഭക്ഷണരീതി വളർത്തിയെടുക്കുക | ഭക്ഷണരീതി<br>ഭക്ഷ്യവസ്തുക്കൾ<br>ഭക്ഷണവും കൃഷിയും } ചർച്ച<br><br>സൂചകങ്ങൾ :<br>• നമ്മുടെ ഭക്ഷണം<br>• ഉത്പാദകർ<br>• ഉപഭോക്താക്കൾ<br>കമ്പോളസന്ദർശനം<br>കൃഷിയിട സന്ദർശനം<br>കർഷകരും വ്യാപാരികളുമായി അഭിമുഖം | S.S. Teacher | 3 - 4 മാസങ്ങൾ | |
| പ്രകൃതിയെ അറിയുക, സ്നേഹിക്കുക, സുരക്ഷിതരാക്കുക | പ്രകൃതിദുരന്തങ്ങൾ സംബന്ധിച്ച വിവരംശേഖരണം<br>ശാസ്ത്രജ്ഞരുടെ ക്ലാസ് (Youtube)<br>Field Trip - നമ്മുടെ പരിസരത്തെ പരിസ്ഥിതിലോല പ്രദേശങ്ങൾ<br>പ്രകൃതി എന്തുകൊണ്ട് ക്ഷോഭിക്കുന്നു ? - സെമിനാർ | S.S. Teacher with the help of Science Teacher | അക്കാദമിക വർഷം | |
| ഇന്ത്യൻ ഭരണഘടനയെപ്പറ്റി വ്യക്തമായ ധാരണ നേടുക<br><br>ഭരണഘടനാ മൂല്യങ്ങളുടെ ആനുകാലിക പ്രസക്തി തിരിച്ചറിയുക | നമ്മുടെ ഭരണഘടനയുടെ ചരിത്രപശ്ചാത്തലം മനസിലാക്കുന്നതിനുള്ള വായനാ വിവരശേഖരണം :<br>സൂചകങ്ങൾ :സ്വാതന്ത്ര്യസമര ചരിത്രം, (Govt. of India Act 1919, 1935),<br>ഭരണഘടനാനിർമ്മാണസഭ etc.<br>ഭരണഘടനയും ആധുനിക ഇന്ത്യയും - സെമിനാർ | S.S. Teacher | 5 മാസങ്ങൾ | |
| സമൂഹത്തിലെ ദുർബലവിഭാഗക്കാരോട് സമഭാവന വളർത്തുക | ഇവരെ അറിയാം :<br>വൃദ്ധർ, ഭിന്നശേഷിക്കാർ, ദുരിതബാധിതർ<br>ശരണാലയങ്ങൾ സന്ദർശിക്കൽ<br>ദുരിതാശ്വാസക്യാമ്പ് സന്ദർശിക്കൽ<br>പ്രത്യേക സ്കൂളുകൾ സന്ദർശിക്കൽ<br>ഒപ്പമുള്ള ഭിന്നശേഷിക്കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള നിരീക്ഷണം etc | S.S. Teacher<br><br>Resource teacher | അക്കാദമിക വർഷം | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## അടിസ്ഥാനശാസ്ത്രം - യു. പി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽനിന്നും, ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യപാർക്ക്**<br>ഔഷധതോട്ടം, പച്ചക്കറിത്തോട്ടം, ജൈവവേലി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | പി. ടി. എ |
| | **പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണക്കിറ്റുകൾ നിർമ്മിക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | രക്ഷിതാക്കൾ |
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനികശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാസ്റ്റർമൈന്റ്**<br>ഊർജക്ലബ്, ആരോഗ്യക്ലബ്, ശാസ്ത്രക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രാശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>**എക്സ്പ്ലോ - എക്സ്പ്ലോർ**<br>ആധുനികശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>**ശാസ്ത്രവിസ്മയചുമർ**<br>ശാസ്ത്രപാഠവുമായി ബന്ധപ്പെട്ട ശാസ്ത്രവിസ്മയചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br><br>**മുഖാമുഖം**<br>ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തുന്നു.<br>**യുറേക്ക**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br><br>സയൻസ് ക്ലബ്, രക്ഷിതാക്കൾ | |

## UP

# ACADEMIC MASTER PLAN

## ENGLISH - UP

| Learning outcomes | Activities | Periods (Time) | Tasks | Financial supports |
|---|---|---|---|---|
| Speaking and conveys ideas in English with confidence | • Spoken English Classes<br>• Giving some classroom programs in English<br>• Gives opportunities to watch English cartoons and movies<br>• Conducting English assembly | • Free Periods<br>• Saturdays<br>• English periods | Teachers, Group members | P.T.A, Management |
| Gives opportunities to perform English related discourses (Themes includes English Textbook) | • Cinema<br>• Documentary<br>• Dramas<br>• Exhibitions | • Classroom activities<br>• English fest | Teachers, SRG, English club | P.T.A, English club |
| Making learners in independent learning and speaking and conveys ideas in English itself | • Role play<br>• Poster making<br>• Elocution<br>• Thought of the day<br>• English assembly<br>• Seminars, Recitation ............<br>• News reading | • English club<br>• Camps<br>• Seminars | Teachers, SRG, English club | SRG, P.T.A, English club |
| Dramatization - Making learners able to conduct some programs in English itself | • English Assembly<br>• Skits<br>• English lab<br>• Storytelling | • Saturday<br>• Camps<br>• Classroom | SRG, English club | Parents, Teachers, SRG |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2024 - 25

## കലാവിദ്യാഭ്യാസം - L.P, U.P, H.S

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്ര-ശില്പകല പരിശീലനം | • കുട്ടികളെ മത്സരങ്ങൾക്ക് തയ്യാറാക്കുന്നതിനും ചിത്ര-ശില്പകലയുടെ അടിസ്ഥാനം മനസ്സിലാക്കുന്ന രീതിയിലുള്ള ക്ലാസുകൾ. | ജൂൺ - മാർച്ച് | അധ്യാപകർ, വിദഗ്ദ്ധ അധ്യാപകർ | 5000 |
| പാഠപുസ്തകത്തിലെ ചിത്ര-ശില്പകലാഭാഗങ്ങൾ | • ക്ലാസുകളിൽ ചിത്ര-ശില്പകലാ പ്രവർത്തനങ്ങൾ - പ്രദർശനങ്ങൾ | ജൂൺ, മാർച്ച് | അധ്യാപകർ | 4000 |
| സംഗീതപരിചയം | • വിവിധതരം സംഗീതരൂപങ്ങളെയും പ്രമുഖ സംഗീത അവതാകരെ, നാടൻ പാട്ടുകൾ - പരിചയപ്പെടുത്തൽ | ജൂൺ, മാർച്ച് | അധ്യാപകർ | 4000 |
| നൃത്തം | • വിവിധതരം നൃത്തരുപങ്ങളെ പരിചയപ്പെടുത്തൽ | ജൂൺ, മാർച്ച് | അധ്യാപകർ | 4000 |
| നാടകം | • വിവിധ നാടകങ്ങൾ, അവതരണം, സ്റ്റേജ് എന്നിവ പരിചയപ്പെടുത്തൽ | ജൂൺ, മാർച്ച് | അധ്യാപകർ | 4000 |
| സിനിമ | • സിനിമ - ഷോട്ട് ഫിലിം, റീൽ എന്നിവ പരിചയപ്പെടുത്തൽ | ജൂൺ, മാർച്ച് | അധ്യാപകർ | 4000 |

# Academic Master Plan - GTHS Kattappana

## English - H.S

| Objectives | Activities | Period | In charge | Financial Analysis |
|---|---|---|---|---|
| To enable students to express ideas in English with confidence | • English Assembly<br>• English Conversation videos<br>• Library reading session<br>• English club inauguration<br>• English anchoring<br>• English speech<br>• English song writing<br>• English story review<br>• English speaking session | June to January<br>Noon sessions<br>Academic year<br>Programs | Teachers<br>P.T.A<br>English teacher | English club<br>P.T.A<br>SMC |
| Give opportunity to explore more realms of English | • Script writing<br>• Role play<br>• Skit enactment<br>• English Seminar<br>• English debate<br>• English scenes enactment | Classroom activities<br>Academic year | English teacher<br>P.T.A<br>SRG<br>Teachers | English club<br>P.T.A<br>SMC |
| Develop writing and reading skills | • Different types of English cards<br>• Story writing in English<br>• English poem writing<br>• English diary writing<br>• Word cards<br>• English games<br>• Newspaper reading<br>• Compose English news and read in assembly<br>• Reading & writing competitions | Classroom activities<br>Academic year<br>Noon sessions<br>Assembly | English teacher<br>P.T.A<br>SRG<br>Teachers | English club<br>P.T.A<br>SMC |

| | | | | |
|---|---|---|---|---|
| Language development | • Grammar classes (Separate grammar notebook)<br>• Vocabulary learning<br>• Dictations<br>• Activity cards<br>• Word building games | Classroom activities<br>Academic year<br>Noon sessions | English teacher | English club<br>P.T.A |
| Enable student for poem writing, poem recitation, story writing and story telling | • Hear the audio of English stories and poem<br>• Workshop for poem and story writing<br>• Competitions<br>• Book reviews<br>• Classes of writers | Academic year<br>Classroom activities<br>Programs | English teacher<br>P.T.A<br>SRG | English club<br>P.T.A<br>SMC |
| Utilize ICT for the development of English language | • English video presentations<br>• English Interviews<br>• English film<br>• English fest | Academic year<br>Programs | English teacher<br>P.T.A<br>SRG | English club<br>P.T.A<br>SMC |
| Develop presentation skills | • English assembly<br>• English speech competition<br>• Skit enactment<br>• Poem recitation<br>• Webpage design | Academic year<br>P.T.A | English teacher<br>P.T.A<br>SRG | English club<br>P.T.A<br>SMC |

# H.S

## ഗവ. ട്രൈബൽ ഹൈസ്ക്കൂൾ കട്ടപ്പന

## അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. ചിത്രം - അടിക്കുറിപ്പ്<br>3. ചിത്രം - കഥ എഴുതൽ<br>4. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകക്ലാസ് | 1 മാസം (ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി. ടി. എ, അദ്ധ്യാപകർ |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • കാസവായനാക്കൂട്ടം ശുചീകരിക്കൽ<br>• ലൈബ്രറിനവീകരണം<br>• വായനോത്സവം<br>• പത്രവായന<br>• പുസ്തകചർച്ച<br>• വായനാനുഭവം<br>• വായനക്കുറിപ്പ്<br>• വിദ്യാരംഗം കലാസാഹിത്യവേദി - പ്രവർത്തനം<br>• ദിനാചരണം<br>• ആനുകാലിക പ്രസിദ്ധീകരണവും വായനയും<br>• ആസ്വാദ്യകരമായ വായന<br>• ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ് കമ്പ്യൂട്ടർ | പി. ടി. എ, അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| | • വായനാക്കുറിപ്പ്, പതിപ്പ്<br>• ചുമർപത്രിക<br>• ഭാഷാപ്രോജക്ട്<br>• സാഹിത്യകാരൻമാരുമായുള്ള അഭിമുഖം | | • ലൈബ്രറി<br>• പുസ്തകങ്ങൾ<br>• ഫോട്ടോകൾ | പി. ടി. എ, അദ്ധ്യാപകർ |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | • പ്രസംഗപരിശീലനക്കളരി<br>• വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ<br>• മികച്ച പ്രസംഗങ്ങളുടെ വീഡിയോ, ഓഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>• പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ ഒരുക്കൽ | 6 മാസം (ജൂലൈ, ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# GTHS Kattappana - Academic Masterplan

## Hindi (UP, HS)

| लक्ष्य | कार्य प्रवृतियाँ | समय सीमा | उत्तर दायित्व | संबाध्य के लिऐ |
|---|---|---|---|---|
| राष्ट्र भाषा से अभिरुचि बढाना | • कहानि वाचन, कविता गायन आदि को अवसर देना<br>• कविता, अपने लक्ष्य, हमारे समाज आदि के बारे में लिखने को अवसर देना प्रतियोगिता चलाना। | दीर्घ काल केलिए | हिन्दी अध्यापिका, रक्षाकर्ता | पि.टि.ए, एस.एम.सि |
| मातृभाषा के तरह हिन्दी भी ऐसे तरह प्रयोग करना | • पाठ से सम्बन्ध प्रसिध्द साहित्यों, कहानियों, निबन्ध, फिल्म, लेख आदि दिखाने को अवसर देते हैं। | साल का मध्य भाग से | हिन्दी अध्यापिका, रक्षाकर्ता | पि.टि.ए, एस.एम.सि |
| हिन्दी भाषा में लेखन और वाचन में रुचि बढाने का अवसर देता हैं। | • वर्ण का लेखन<br>• शब्द का लेखन<br>• वाक्यों का लेखन<br>• निबन्ध लेखन<br>• कविता या कहानि का लेखन।<br>• वर्ण कार्ट, खेल<br>• लेखन प्रतियोगिता। | साल में दीर्घ समय में | हिन्दी अध्यापिका | पि.टि.ए, एस.एम.सि |
| प्रस्तुतिकरण के योग्यताऐं बढाना | • कक्षा में आर्दश वाचन प्रस्तुती करण। | साल में मध्य समय | हिन्दी अध्यापिका | पि.टि.ए, एस.एम.सि |

| | | | | |
|---|---|---|---|---|
| | • हिन्दी असंब्ली<br>• भाषण प्रतियोगिता<br>• अभिनय या रील्स (भाषा का उपयोग करके) | | | |
| ICT का उपयोग करके हिन्दी भाषा का उपयोग समझने का अवसर | • हिन्दी भाषा का वीडियो<br>• पाठ से संम्बन्ध वीडियो<br>• हिन्दी फिल्म दिखाना<br>• हिन्दी साक्षात्कार<br>• हिन्दी कार्टून | साल भर | हिन्दी अध्यापिका | पि.टि.ए,<br>एस.एम.सि |
| हिन्दी दिवस का आचरण | • हिन्दी असंब्ली<br>• उस दिन में आशय विनिपय या बोलचाल कि भाषा केवल हिन्दी होनेवाला<br>• अध्यापिका हिन्दी में आशय विनिमय करना। | हर महीने के दो दिन | हिन्दी अध्यापिका | पि.टि.ए,<br>एस.एम.सि |
| CWS छात्रों के सहायता केलिए | • विशेष ध्यान रखना<br>• वर्णों लिख और वाचन केलिए सहायता लेना<br>• शब्दों वाचन करने को प्रोत्साहन देना<br>• वाक्यांश अध्यापिका द्वारा नकल करना।<br>• वीडियो दिखाना<br>• स्वय् वाचन करने केलिए आत्मविशवास और प्रोत्साहन देना | साल भर | हिन्दी अध्यापिका | पि.टि.ए,<br>एस.एम.सि |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 - 26

## ഗണിതം - എച്ച്. എസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | • പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>• മാത്സ് ക്ലിനിക്ക്. | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | • സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ<br>• സ്ഥാനവില ഉറപ്പിക്കൽ<br>• ഗുണനപ്പട്ടിക ഉറപ്പിക്കൽ | തുടർപ്രവർത്തനം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| നിർമ്മിതകളിലെ ശേഷി കൈവരിക്കൽ | • ജ്യാമീതിയപെട്ടിയുടെ ലഭ്യത<br>• ശിൽപ്പശാലകൾ | തുടർപ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| ഗണിത ആശയങ്ങളിൽനിന്നും ഉടലെടുക്കുന്ന ഗണിതരുപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | • ശില്പശാലകൾ ക്ലബ്ബ് പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിലൊന്ന് | അധ്യാപകർ, ഗണിതക്ലബ്ബ് | പി. ടി. എ |
| സംഘബോധം ഉണ്ടാക്കൽ | • സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകൻ, സംഘത്തലവൻ | |
| അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | • വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർപ്രവർത്തനം | വിഷയസമിതി കൺവീനർ, അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | • ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കൽ | അക്കാദമിക വർഷത്തിൽ രണ്ട് | അധ്യാപകർ, പി. ടി. എ | പി. ടി. എ |
| ഗണിതലാബ് | • ലാബിലേയ്ക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ്, ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി. ടി. എ | പി. ടി. എ |
| ഗണിതമത്സരവേദിയിലേയ്ക്ക് - മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | • ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ<br>• മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി. ടി. എ | പി. ടി. എ |
| രക്ഷിതാക്കളെ ബോധവത്ക്കരിക്കൽ | • പി. ടി. എ. യോഗം ചേരൽ | മാസത്തിൽ ഒന്ന് | അധ്യാപകർ, എച്ച്. എം., പി. ടി. എ. പ്രസിഡന്റ് | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 - 26

## സോഷ്യൽ സയൻസ് - എച്ച്. എസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പഠിതാക്കളുടെ സാമൂഹ്യപാഠബോധത്തെ വിലയിരുത്തുന്നു | • സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കണ്ടെത്തുന്നതിന് വേണ്ടി പ്രീ-ടെസ്റ്റ് നടത്തുന്നു.<br>• പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി ക്ലാസുകൽ സംഘടിപ്പിക്കുന്നു. | ജൂൺ ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യപകർ | |
| കുട്ടികളിൽ ദേശീയ അവബോധം വളർത്തുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു | • സ്കൂൾ അസംബ്ലിയിൽ ദേശീയ ഐക്യപ്രതിജ്ഞ ചൊല്ലിക്കുന്നു.<br>• ദേശീയഗാനം ആലപിക്കുന്നു.<br>• ദേശീയദിനങ്ങൾ ആചരിക്കുന്നു.<br>• ദേശീയത വളർത്തുന്ന വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുന്നു (മൗലികാവകാശങ്ങൾ, മൗലികകടമകൾ etc.)<br>• ക്ലബ് പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ, മറ്റ് അധ്യാപകർ | |
| ജനാധിപത്യം ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | • സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, ജനാധിപത്യപൊതുപ്രകടന വേദികൾ എന്നിവയിലൂടെ ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | • പൗരബോധമുള്ള വ്യക്തികളുടെ ജീവിതം പരിചയപ്പെടുത്തുകയും അവ മാതൃകയാക്കാൻ പ്രചോദനം നൽകുകയും ചെയ്യുന്നു. (സാമൂഹ്യസേവനം, ജലസംരക്ഷണം, പ്ലാസ്റ്റിക്ക് നിർമാർജനം, രക്തദാനം etc.) | | | |
| നേതൃത്വപാടവം, സഹിഷ്ണുത, സാമൂഹിക അവബോധം എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക. | • സർവ്വെ, പ്രോജക്ട്, ചർച്ചകൾ, സംവാദം, സെമിനാർ, ബോധവൽക്കരണക്ലാസുകൾ(ലഹരിവിരുദ്ധം, സൈബർകുറ്റകൃത്യങ്ങൾ, ആരോഗ്യവും ശുചിത്വവും etc.) തുടങ്ങിയവ വഴി നേതൃത്വ പാടവം വളർത്തുന്നു. സേവനപ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവൻ | എല്ലാ അധ്യാപകരും | പി.ടി.എ |
| മതേതരത്വ മനോഭാവം വളർത്തുന്നു | • മതേതരത്വ മനോഭാവം വളരാൻ ഉതകുന്ന വിഷയമേഖലകൾ കുട്ടികളിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു(ഓണം, ക്രിസ്തുമസ്, നബിദിനം).<br>• ക്ലബ് പ്രവർത്തനങ്ങൾ നടത്തുന്നു. | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | എല്ലാ അധ്യാപകരും | |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക. | • ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ രണ്ടു തവണ | താൽപ്പര്യമുള്ള അധ്യാപകർ | പി. ടി. എ. |
| മാധ്യമ അവബോധം വളർത്തുക | • സഹിഷ്ണുതാ മനോഭാവം, ജനാധിപത്യബോധം, വിമർശന ചിന്ത, പ്രതികരണശേഷി എന്നിവ വികസിപ്പിക്കുന്നതിനാവശ്യമായ പഠനാനുഭവങ്ങൾ മാധ്യമങ്ങളിൽ നിന്നും | വർഷം മുഴുവൻ | എല്ലാ അധ്യാപകരും | |

| | | | | |
|---|---|---|---|---|
| | നൽകുന്നു. പത്രങ്ങൾ വായിച്ച് പ്രധാന വാർത്തകൾ കുറിപ്പുകളാക്കുന്നു. | | | |
| ഭൂപടവായന കുട്ടികലിൽ വളർത്തുക. സ്ഥല നിർണയം, സ്ഥാനനിർണയം എന്നിവ നടത്താനുള്ള പ്രാപ്തി നേടുക | • ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ കുട്ടികളെ സഹായിക്കുന്ന അറ്റ്ലസ്, ഭൂപടങ്ങൾ, ഗ്ലോബ് എന്നിവ കുട്ടികൾക്ക് പരിചിതമാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.(My own Atlas - Std IX) | വർഷം മുഴുവൻ | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| വിവിധ സാമൂഹ്യപരിഷ്ക്കർത്താക്കളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നു. | • സാമൂഹ്യപരിഷ്ക്കർത്താക്കളുടെ ജന്മസ്ഥലങ്ങൾ സന്ദർശിക്കുക, സമാധി സ്ഥലങ്ങൾ സന്ദർശിക്കുക, ആത്മകഥകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തുക തുടങ്ങിയവ വഴി അവരുടെ ജീവിതമൂല്യങ്ങളായ സ്നേഹം, സത്യം, സഹിഷ്ണുത, സമത്വം, സഹകരണമനോഭാവം, മതേതരത്വം തുടങ്ങിയവ വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുന്നു. | വർഷം മുഴുവൻ | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | • സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പൊതുവിജ്ഞാനം വളർത്തുന്നതിനുള്ള ക്വിസുകൾ, ദിനാചരണങ്ങൾ, സംവാദം എന്നിവ നടത്തുന്നു. ഇവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുന്ന വീഡിയോ പ്രദർശനം, ഡോക്യുമെന്ററി പ്രദർശനം, ചരിത്ര സിനിമാ പ്രദർശനം എന്നിവ നടത്തുന്നു. | അക്കാദിമ വർഷം മുഴുവനും | സാമൂഹിക ശാസ്ത്ര അധ്യാപകൻ | പി. ടി. എ |

| | | | | |
|---|---|---|---|---|
| സാമൂഹ്യപ്രശ്നങ്ങളെ സാമൂഹികശാസ്ത്ര ക്ലാസ്റൂമുകളുമായി ബന്ധപ്പെടുത്തി പൊതു വിജ്ഞാനം വളർത്തുക | • സമകാലികപ്രശ്നങ്ങൾ ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നു | വർഷം മുഴുവൻ | സാമൂഹിക ശാസ്ത്ര അധ്യാപകൻ | |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | • സാമൂഹ്യശാസ്ത്രലാബുകൽ ക്രമീകരിച്ച് ആകാശക്കാഴ്ചകൾ, കൗതുകം ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | അക്കാദിമ വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകൻ | |
| സാമൂഹ്യശാസ്ത്രപഠനം കൂടുതൽ ആസ്വാദ്യകരമാക്കൽ - വ്യത്യസ്തഇനം മണ്ണ്, കാറ്റുകൾ, ജലാശയങ്ങൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ, ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | • മണ്ണ് പ്രദർശനം<br>• ശിലകൾപ്രദർഷനം<br>• പ്രാദേശിക ചരിത്ര രചന<br>• പ്രാദേശിക വിഭവ ഭൂപട നിർമ്മാണം<br>• പ്രകൃതിയെ അറിഞ്ഞ് പ്രകൃതിപഠനം - ഫീൽഡ്ട്രിപ്പുകൾ | അക്കാദിമ വർഷം മുഴുവൻ | സാമൂഹിക ശാസ്ത്ര അധ്യാപകൻ | |
| നിയമപാലനത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു. | • പഠിതാക്കൾക്ക് നിയമപാഠങ്ങൾ പകർന്ന് ഭരണഘടനാപരമായ നിയമപാലനം, ട്രാഫിക്ക് നിയമപാലനം, ജനാധിപത്യജീവിതരീതികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ബോധവത്ക്കരണം നൽകുന്നു.<br>• പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുന്നു | തുടർപ്രവർത്തനം | സാമൂഹിക ശാസ്ത്ര അധ്യാപകൻ | |
| സാമൂഹ്യശാസ്ത്ര മത്സര വേദികൾ | • സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി മത്സരവേദികളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | | | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 - 26

## സയൻസ് - എച്ച്. എസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അത്ഭുതകണ്ണിലൂടെ: കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്കുമുമ്പിൽ കുട്ടികൾത്തന്നെ കാണിച്ചുകൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br>പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. ക്ലാസുകൾ ലഘുപ്രോജക്ട് കൊടുത്ത് മെച്ചപ്പെടുത്തി സ്കൂൾ വേദികളിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | പി. ടി. എ |
| ശാസ്ത്രലോകത്തിലേയ്ക്ക്: നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേകടുകയും ചെയ്യുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പറുകൽ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | പി. ടി. എ |
| | വർഷത്തിൽ ഒരുപ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സയൻസ് ക്ലബ് |
| | ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സയൻസ് ക്ലബ് |
| ഹൈടെക്ക് വേൾഡ്: മാനവികതയിൽ ഉന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | • ക്ലാസുകളിൽ ശാസ്ത്രലൈബ്രറി<br>• ശാസ്ത്രമാസികപ്രസിദ്ധീകരണം<br>• സയൻസ് ലാബ് | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | പി. ടി. എ |

| | | | | |
|---|---|---|---|---|
| | • ഐടി ലാബ് എന്നിവ ആധുനികവത്ക്കരിക്കുന്നു. | | | |
| ആയുർരേഖ: പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | പി. ടി. എ |
| വൈജ്ഞാനിക ബഹിർസ്ഫുരണം: അന്വേഷണതൃഷ്ണ വർദ്ധിപ്പിക്കാൻ - നേരറിവ് നേടാൻ | • തണൽവൃക്ഷങ്ങൾ പിടിപ്പിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| | • ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും, പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ് | ഹരിതസേന, കൃഷിവകുപ്പ് |
| | • സമ്പൂർണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| | • പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | രക്ഷിതാക്കൾ |
| | • സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| | • ശാസ്ത്രകാരൻമാരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ് | മാനേജ്മെന്റ് |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 – 26

## I.T- എച്ച്. എസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ചാരീതിയിൽ ഐ.സി.ടി സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | • സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക<br>• ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്വെയറുകൾ, ഐ.സി.ടി ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ഐ.സി.ടി. പരിശീലനം നേടിയ അധ്യാപകർ | പി. ടി. എ |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | • ഐ.സി.ടി പഠനവിഭവങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുക. ഇതിനായി സ്കൂൾതലത്തിൽ ഐ.സി.ടി ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഐ.സി.ടി. പരിശീലനം നേടിയ അധ്യാപകർ | പി. ടി. എ |
| പഠനപ്രവർത്തനങ്ങളിലൂടെ പ്രയോഗികപരിശീലനം സാധ്യമാക്കുക | • ഹ്രസ്വചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതികവിദ്യകൾ പ്രായോഗികതലത്തിൽ ഉപയോഗിക്കുവാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ഐ.സി.ടി. പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ഓരോ കാലഘട്ടത്തിലും സാങ്കേതികവിദ്യകൾ നൂതനമാക്കുന്നതിനോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും, രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവത്ക്കരിക്കുക | • സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവത്ക്കരണം മാറിമാറി വരുന്ന സാങ്കേതികവിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവത്ക്കരിക്കുന്നതിന് ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർസെൽ ചൈൽഡ് ലൈൻ | |
| നിത്യജീവിത്തിൽ സ്വതന്ത്ര സോഫ്റ്റ്വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ്വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | • സ്വതന്ത്ര സോഫ്റ്റ്വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു | അക്കാദമിക വർഷം | ലിറ്റിൽ കൈറ്റ്സ്, ഐ.ടി അധ്യാപകർ | |
| സ്മാർട്ട് ക്ലാസ്റൂമുകൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നു | • വിഷയാധിഷ്ഠിതമായി ഐ.സി.ടി ഉപയോഗിച്ചുകൊണ്ട് ക്ലാസ്റും സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി അധ്യാപകർ | |

## പിന്നോക്കം നിൽക്കുന്നവരോടും പ്രത്യേക പരിഗണന അർഹിക്കുന്നവരോടുമുള്ള വിദ്യാലയ സമീപനം

ആമുഖം : ഗവ. ട്രൈബൽ ഹയർസെക്കണ്ടറി സ്കൂളിൽ ഭിന്നശേഷിയുള്ള കുട്ടികളും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളും ഉണ്ട്. നിലവിൽ 27 മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുള്ളതും ഏകദേശം 30-ഓളം കുട്ടികൾ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരും ഉണ്ട്. സങ്കലിത വിദ്യാഭ്യാസം അതിന്റെ ആശയം പോലെ തന്നെ സാധാരണശേഷിയുള്ള കുട്ടികളോടൊപ്പം പഠന - പാഠ്യേതര വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നു. കുട്ടികളിലെ ഭിന്നശേഷി മനസിലാക്കി അവർക്ക് പൂർണ പിന്തുണയും സഹായവും നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ നാം ഒത്തുചേർന്ന് പരിശ്രമിക്കണം. അതിന്റെ പ്രാഥമിക പരിശ്രമം പൊതുവിദ്യാലയങ്ങളിൽ നിന്ന് തുടങ്ങണം.

**പൊതുലക്ഷ്യങ്ങൾ :**

- ഭിന്നശേഷിയുള്ള കുട്ടികളെ പൊതുവിദ്യാലയത്തിൽ എത്തിക്കുക.
- കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ഉന്നമനം ഉറപ്പാക്കുക.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സ് റൂം സജ്ജീകരിക്കുക.
- കുട്ടികൾക്ക് ബാരിയർഫ്രീ എൻവയോൺമെന്റ് സജ്ജമാക്കുക.
- കുട്ടികൾക്ക് പഠനനേട്ടങ്ങൾ സാധ്യമാക്കുക.
- Yearly intervention and identification സാധ്യമാക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുക.
- കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്ക് പരിശീലനം നൽകുക.
- കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുടെ ബന്ധം ദൃഢമാക്കുക.

## സ്കൂളിൽ ഭിന്നശേഷികളുള്ള കുട്ടികളുടെ വിദ്യാഭ്യാസം സമഗ്രമാക്കുന്നതിനുള്ള വാർഷികപദ്ധതി

ജൂൺ :

- മൂല്യനിർണയം : കഴിഞ്ഞ വർഷത്തെ പദ്ധതികളുടെ വിശകലനം, കുട്ടികളുടെ പുരോഗതി വിലയിരുത്തൽ, പുതിയ അധ്യായനവർഷത്തിലേയ്ക്കുള്ള തയ്യാറെടുപ്പ്.
- മാതാപിതാക്കളുമായുള്ള കൂടിക്കാഴ്ച: കുട്ടികളുടെ പുരോഗതിയെക്കുറിച്ച് മാതാപിതാക്കളെ അറിയിക്കുക. അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുക.
- അധ്യാപക പരിശീലനം : ഭിന്നശേഷികളുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അധ്യാപക പരിശീലനം.

ജൂലൈ

- പുതിയ അധ്യായനത്തിന്റെ ആരംഭം
- പുതിയ പാഠ്യപദ്ധതിയനുസരിച്ച് പഠനം ആരംഭിക്കുക.
- വ്യക്തിഗത പഠനപദ്ധതികൾ (IEPs) തയ്യാറാക്കൽ: ഓരോ കുട്ടിയുടെയും പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ചുള്ള IEPs തയ്യാറാക്കുക.
- സഹായ ഉപകരണങ്ങൾ സജ്ജീകരിക്കൽ: വീൽചെയർ, ബ്രെയിൻ ലിപ്പ്തുടങ്ങിയ സഹായ ഉപകരണങ്ങൾ സജ്ജമാക്കുക.

ഓഗസ്റ്റ് -ഫെബ്രുവരി

- പാഠ്യപദ്ധതികൾ നടപ്പിലാക്കൽ: IEPs അനുസരിച്ച് പാഠ്യപദ്ധതി നടപ്പിലാക്കുക.
- സാമൂഹിക പരിപാടികൾ : സാധാരണ കുട്ടികളുമായി ഇടപഴകാൻ അവസരങ്ങൾ ഒരുക്കുക.
- വിദഗ്ധരുടെ സഹായം : സ്പീച്ച് തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ് തുടങ്ങിയവരുടെ സഹായം തേടുക.

മാർച്ച്

- വിലയിരുത്തൽ : വർഷത്തെ പഠനം വിലയിരുത്തുക, പുതിയ അധ്യയനത്തിലേക്കുള്ള തയ്യാറെടുപ്പ്.
- മാതാപിതാക്കളുമായുള്ള വർഷാവസാന കൂടിക്കാഴ്ച : കുട്ടികളുടെ പുരോഗതിയെക്കുറിച്ച് മാതാപിതാക്കളെ അറിയിക്കുക.

- അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കൽ: അടുത്ത അധ്യയന വർഷത്തിലെ പദ്ധതി തയ്യാറാക്കുക.

**പ്രധാന കാര്യങ്ങൾ**

- കുട്ടികളുടെ വ്യക്തിഗത ആവശ്യങ്ങൾ : ഓരോ കുട്ടിയുടെയും വ്യക്തിഗത ആവശ്യങ്ങൾ കണക്കിലെടുക്കുക.
- സഹകരണം: അധ്യാപകർ, മാതാപിതാക്കൾ, വിദഗ്ധർ തുടങ്ങിയ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കുക.
- നിലവിലുള്ള വിഭവങ്ങൾ : സ്കൂളിലുള്ള വിഭവങ്ങൾ പരമാവധി ഉപയോഗിക്കുക.
- സമയബന്ധിതമായ വിലയിരുത്തൽ: പദ്ധതിയുടെ പുരോഗതി സമയബന്ധിതമായി വിലയിരുത്തുക.

**പൂർത്തീകരണം**

ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം സമഗ്രമാക്കുന്നതിന് (Inclusive Education) വാർഷിക പദ്ധതികൾ അത്യന്താപേക്ഷിതമാണ്. ഈ പദ്ധതികൾ കുട്ടികളുടെ വ്യക്തിഗത ആവശ്യങ്ങൾക്കനുസരിച്ചുള്ള പഠന അനുഭവങ്ങൾ ഉറപ്പാക്കുകയും അവരെ പൂർണമായ സാധ്യതകൾ പ്രയോജനപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്നു. സ്കൂളുകൾ കുട്ടികളുടെ ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നു.

# STAFF STATEMENT 2025-26

| SL.NO | NAME | DESIGNATION | PHONE NUMBER |
|---|---|---|---|
| 1 | SINDHU P.D | HEADMISTRESS | 9495560229 |
| 2 | GEETHA .R PILLAI | HST Malayalam | 9446718043 |
| 3 | JUBY JACOB | HST Mathematics | 9496428872 |
| 4 | JISIMOL VARGHESE | HST Social Science | 9497683875 |
| 5 | BABU P.P | HST Physical Science | 9809911724 |
| 6 | SREELATHA THOMAS | HST Hindi | 9495160426 |
| 7 | SALIMOLE JOSEPH | P.D Teacher | 9496190624 |
| 8 | SIBY ABRAHAM | UPST | 9447989213 |
| 9 | SINDHU N.K | UPST | 9496120456 |
| 10 | DANTY .K. THOMAS | P.D Teacher | 9495260762 |
| 11 | AJITHA .M. CHACKO | LPST | 9496563654 |
| 12 | ASWANI ANIL | LPST | 6282685616 |
| 13 | JAYANA. J | LPST | 8592028330 |
| 14 | SREYALAKSHMI .B | CLERK | 9544899848 |
| 15 | ANGU. R .NAIR | OA | 9061959771 |
| 16 | AKHILBABU | OA | 9526298597 |
| 17 | SABU P.S | FTM | 7902921915 |
| 18 | DELNA JOSEPH | ENGLISH(Daily Wages) | 9497463753 |
| 19 | REMYA P.U | School Counselor | 8848246876 |
| 20 | BASTIN JOSEPH | Resource Teacher | 9526057197 |
| 21 | IBY MARIA ISSAC | Art and Craft | 9061608243 |
| 22 | MANOJ KUMAR K.E | Drawing | 9447668197 |
| 23 | ROSAMMA VARKEY | COOK | 04868250981 |

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കട്ടപ്പന |
| വിലാസം | : കട്ടപ്പന പി.ഒ. കട്ടപ്പന - 685508 |
| ഫോൺ | : 04868 - 272124 (ഹൈസ്കൂൾ) |
| | 04868 - 250015 (ഹയർസെക്കണ്ടറി) |
| സ്കൂൾ കോഡ് | : 30066(ഹൈസ്കൂൾ) |
| | : 6067(ഹയർസെക്കണ്ടറി) |
| വിദ്യാഭ്യാസ ഉപജില്ല | : കട്ടപ്പന |
| വിദ്യാഭ്യാസ ജില്ല | : കട്ടപ്പന |
| റവന്യൂ ജില്ല | : ഇടുക്കി |
| ബി. ആർ. സി | : കട്ടപ്പന |
| സി. ആർ. സി | : വാഴവര |
| മുൻസിപ്പാലിറ്റി | : കട്ടപ്പന |
| നിയമസഭാ മണ്ഡലം | : ഇടുക്കി |
| ലോകസഭാ മണ്ഡലം | : ഇടുക്കി |
| വില്ലേജ് | : കട്ടപ്പന |
| താലൂക്ക് | : ഇടുക്കി |
| ഇ - മെയിൽ | : gthskatappana@gmail.com |
| | : ghsskatappana@gmail.com |
| സ്ഥല വിസ്തൃതി | : 3.50 ഏക്കർ |